കരസ്ഥമാക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി എല്ലാത്തരം മാധ്യമങ്ങളിലൂടെയും ഇതിനകം പരസ്യം നൽകിയിട്ടുള്ളതുമാണ്. ലൈസൻസ്/രജിസ്ട്രേഷൻ എടുക്കാത്ത ഭക്ഷ്യവിതരണം ചെയ്യുന്ന എല്ലാ സ്ഥാപനങ്ങൾക്കെതിരെയും കർശനമായ നിയമനടപടി സ്വീകരിക്കുന്നതാണ്.

(ബി) പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ കരസ്ഥമാക്കാത്ത ഇത്തരം സംവിധാനങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ അനുശാസിക്കും പ്രകാരം നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

ബയോമെഡിക്കൽ മാലിന്യപ്ലാന്റ്

73 (T2282) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 ബഡ്ജറ്റിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ബയോമെഡിക്കൽ മാലിന്യപ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നതെന്നും എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) സ്വകാര്യമേഖലയിലെ പങ്കാളിയായി ഏത് കമ്പനിയെയാണ് തെരഞ്ഞെടുത്തത് ; പ്രസ്തുത കമ്പനി ഇതിനായി മുതൽ മുടക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര തുക ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2014-15 ബഡ്ജറ്റിൽ മൂന്നുകോടി ഇരുപത് ലക്ഷം രൂപ ബയോമെഡിക്കൽ പ്ലാന്റിന്റെ പ്രവർത്തനത്തിനായി സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നമ്പർ 2191/14/ആ.കു.വ. തീയതി 30-6-2014 പ്രകാരം തിരുവനന്തപുരം, കണ്ണൂർ, വയനാട്, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകൾക്ക് അനുവദിക്കുകയുണ്ടായി. ടി ഫണ്ട് സ.ഉ. (സാധാ) നമ്പർ 3839/14 ആ.കു.വ. തീയതി 28-11-2014 പ്രകാരം അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(സി) ആശുപത്രികളിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റേയും സർക്കാരിന്റേയും അംഗീകാരത്തോടെ 'ഐ.എം.എ.' യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന 'IMAGE' എന്ന സ്ഥാപനവുമായി ഒപ്പിട്ട കരാറിന്റെ അടിസ്ഥാനത്തിലാണ്.

ഡോക്ടർമാരുടെ ഒഴിവുകൾ

74 (2283) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിന് കീഴിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ആരോഗ്യവകുപ്പിന് കീഴിൽ നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ ജില്ല തിരിച്ച് താഴെ ചേർത്തിരിക്കുന്നു :

ജില്ല	ജനറൽ കേഡർ	അഡ്മിനിസ്ട്രേറ്റീവ് കേഡർ	സ്പെഷ്യാലിറ്റി കേഡർ
തിരുവനന്തപുരം	10	4	28
കൊല്ലം	6	2	9
പത്തനംതിട്ട	16	3	12
ആലപ്പുഴ	26	5	28
കോട്ടയം	14	2	31
ഇടുക്കി	16	4	25
എറണാകുളം	14	1	57
തൃശ്ശൂർ	21	1	28
പാലക്കാട്	29	4	37
മലപ്പുറം	17	5	35
കോഴിക്കോട്	8	3	20
വയനാട്	14	3	28
കണ്ണൂർ	35	2	50
കാസർഗോഡ്	40	1	22

LIBRARY ARCHIVES Kerala Legislative Assembly